
# ദൈവവിളി ദൂത്



# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M O. Only, Which Should Be Addressed To :

**Editor,**
**THE BIBLE TEACHER**
**C-22, N. D. S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# THE BIBLE TRUTH

**Editors**

**P. K. VARGHESE** ooo **J. C. CHOATE**

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 8** **March 1995** **No. 12**


വിവാഹത്തെ സംബന്ധിച്ച് പലരും ധരിച്ച് വച്ചിരിക്കുന്ന ധാരണകൾ അപ്രായോഗികമാണെന്ന് വിവാഹശേഷമാണ് അറിയുന്നതു. ലൈംഗിക വിദ്യാഭ്യാസം വേണമെന്ന് വേദികളിൽ ഘോഷിക്കുന്നവരും വിവാഹമോചനത്തിനു ക്രിസ്തീയ നിയമങ്ങളിൽ ഭേദഗതി വേണമെന്ന് ആവശ്യപ്പെട്ട് കോടതി ഉത്തരവ് ലഭിച്ച് സന്തോഷിക്കുന്നവരും മനസിലാക്കേണ്ട സത്യം മാനുഷികബുദ്ധിയിൽ ഉരുത്തിരിഞ്ഞ നിയമം എന്തു തന്നെയായാലും അതിനു ശാശ്വതമായ നിലനില്പില്ല. വിവാഹത്തെ സംബന്ധിച്ചും കുടുംബജീവിതത്തിന്റെ കെട്ടുറപ്പിനെ കുറിച്ചും ബോധവൽക്കരണം നടത്തേണ്ടവർ വിവാഹമോചനനിയമം ലഘൂകരിച്ചാൽ അതു സമൂഹത്തിൽ ദൂഷ്യഫലങ്ങൾ ഉളവാക്കും. പഴുതുകൾ ഉള്ള നിയമമാണ് മനുഷ്യന്റേതു. പക്ഷെ ദൈവത്തിന്റേതു കുററമററതാണ്. പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവർ അവളെക്കൊണ്ടു വ്യഭിചാരം ചെയ്യിക്കുന്നു. ക്രൂരത എന്ന സ്വഭാവം യഥാർത്ഥക്രിസ്ത്യാനിയിൽ നിന്നും ഉണ്ടാകയില്ല. യഥാർത്ഥക്രിസ്ത്യാനിയിൽ നിന്നും വ്യഭിചാരവും ഉണ്ടാകുന്നില്ല. പരസ്പരം ക്ഷമിക്കുവാനും നഷ്ടവും അപമാനവും സഹിക്കുവാനാണ് ഓരോ ക്രിസ്ത്യാനിയും ശ്രമിക്കേണ്ടതു. ദൈവികസ്വഭാവമുള്ളവർ ദൈവികനിയമത്തിനാണ് കീഴ്പ്പെടേണ്ടതു. മററുള്ളവർ പിശാചിന് കീഴ്പ്പെടുന്നവരാണ്.



# പെന്തെക്കൊസ്ത്കാർ എന്നാൽ എന്ത്?

J. C. ചോട്ട്

ബൈബിൾ പഠിക്കുന്ന ഏതൊരാൾക്കും പെന്തെക്കൊസ്തു എന്ന വാക്ക് സുപരിചിതമായിരിക്കും. അപ്പൊസ്തലപ്രവൃത്തി 2-ാം അദ്ധ്യായത്തിൽ നാം പെന്തെക്കൊസ്തു നാളിനെക്കുറിച്ച് വായിക്കുന്നുണ്ട്. മോശെയുടെ ന്യായപ്രമാണത്തിൻ കീഴുള്ള യഹൂദൻമാർ ആഘോഷിച്ചിരുന്ന ഒരു ഉത്സവമായിരുന്നു അതു. ക്രിസ്തുവിൻെറ പ്രമാണത്തിൻ കീഴുള്ള ക്രിസ്ത്യാനികൾ ആചരിക്കേണ്ട ഉത്സവമോ ആഘോഷമോ അല്ല പെന്തെക്കൊസ്തു.

ഈ ദിവസം അപ്പൊസ്തലൻമാരിൽ പരിശുദ്ധാത്മാവിനെ പകരുകയും ആദ്യമായി സുവിശേഷം പ്രസംഗിക്കുകയും കർത്താവിൻെറ സഭ സ്ഥാപിതമാകയും ചെയ്തു എന്നതാണ് ക്രിസ്ത്യാനികൾക്കു പെന്തെക്കൊസ്തുനാളിനുള്ള പ്രാധാന്യം. ദൈവം അതിനായി ആ ദിവസത്തെ തെരഞ്ഞെടുത്തു എന്നതു വാസ്തവമാണ്. അതിന് അപ്പൊസ്തലൻമാർ പെന്തെക്കൊസ്തുകാർ ആയിതീർന്നു എന്നർത്ഥം വരുന്നില്ല. അല്ലെങ്കിൽ ആ ദിവസം സുവിശേഷം അനുസരിച്ചവർക്കു പരിശുദ്ധാത്മശക്തി ലഭിക്കുമെന്നോ, അതുകൊണ്ട് അവർ പെന്തെക്കൊസ്തുകാർ എന്ന് അറിയപ്പെടണമെന്നോ വരുന്നില്ല. അതുമല്ലെങ്കിൽ അന്ന് സഭ ആരംഭിച്ചതുകൊണ്ട് പെന്തെക്കൊസ്തു സഭ എന്നു വിളിക്കാവുന്നതുമല്ല. ഈ അവസരത്തിൽ അങ്ങനെ യാതൊരു സൂചനയും വചനത്തിൽ ഇല്ല. അഥവാ കർത്താവിൻെറ ജനം വർഷങ്ങൾക്കുശേഷം പെന്തെക്കൊസ്തുകാർ എന്ന് അറിയപ്പെടണമെന്നും നിർദ്ദേശിച്ചിട്ടില്ല.

എങ്കിൽ പിന്നെ ഈ സംഭവങ്ങൾ നടക്കേണ്ടതിനു ദൈവം എന്തിനാണ് പെന്തെക്കൊസ്തുനാൾ തന്നെ തെരഞ്ഞെടുത്തതു? യെഹൂദൻമാരുടെ മതപരമായ പ്രവർത്തനങ്ങൾക്കു പ്രാധാന്യമുള്ള പട്ടണമായിരുന്നു യെരൂശലേം. ഈ മഹാനഗരത്തിൽ വെച്ചാണ് യേശു ക്രൂശിൽ തറയ്ക്കപ്പെട്ടതും ഉയിർത്തെഴുന്നേററതും സ്വർഗ്ഗാരോഹണം ചെയ്യപ്പെട്ടതും. ലോകം മുഴുവനും ഉള്ള യെഹൂദൻമാരെ പെന്തെക്കൊസ്തു പെരുന്നാൾ യെരുശലേമിലേക്കു ആകർഷിച്ചിരുന്നു. യെഹൂദൻമാരുടെ വാർഷിക ഉൽസവവുമായിരുന്നു അതു. സുവിശേഷം പ്രസംഗിക്കുവാനും പരിവർത്തനങ്ങൾ സൃഷ്ടിക്കുവാനും തൽഫലമായി അവർ താന്താങ്ങളുടെ സ്വദേശങ്ങളിൽ മടങ്ങിപോയി ഒരുക്കമുള്ളവരും പുതിയ നിയമാനുസാരികളും ആകുവാൻ പററിയ ദിവസമായിരുന്നു അതു. ലോകം മുഴുവൻ തന്റെ സുവിശേഷം വ്യാപിക്കാൻ കർത്താവു കണ്ടെത്തിയ ദിവസമായിരുന്നു അതു. യാദൃശ്ചികമായ എന്തോ ഒന്നായിരുന്നില്ല അതു. മുൻനിർണ്ണയിച്ച ദൈവിക പദ്ധതിയുടെ നടത്തിപ്പായിരുന്നു അതു.

അപ്പൊസ്തലൻമാരെ കർത്താവ് പരിശീലിപ്പിച്ചതും ഈ അവസരത്തിനായി അവരെ ഒരുക്കുകയും ചെയ്തിരുന്നു. എന്നാലും അവർ മനുഷ്യരാകയാൽ അവരെ ശരിയായി നയിക്കേണ്ടിയിരുന്നു. കാരണം ശാരീരികമായി യേശു അവരിൽ നിന്നും വിട്ടുപോയിരുന്നു. അതുകൊണ്ട് അവൻ പോകുന്നതിനു മുൻപു തന്നെ, അവരെ സകല സത്യത്തിലും വഴി നടത്തുവാനും താൻ അവരെ ഉപദേശിച്ചതൊക്കെയും ഓർമ്മിപ്പിക്കേണ്ടതിനും പരിശുദ്ധാത്മാവെന്ന കാര്യസ്ഥനെ അവരിൽ അയക്കും എന്നു കർത്താവ് വാഗ്ദാനം ചെയ്തിരുന്നു. അങ്ങനെ അവർ തങ്ങളുടെ സ്വന്തഭാഷയിൽ സംസാരിക്കുന്നതു മററുള്ളവർക്കു അവരുടെ ഭാഷകളിൽ മനസ്സിലാകത്തക്ക ശക്തി അപ്പൊസ്തലന്മാർക്കു ലഭിച്ചു. അതാണ് അന്യഭാഷ (യോഹന്നാൻ 14:26; ലൂക്കോസ് 24:44-49; പ്രവൃത്തി 1:8).

യെരുശലേം വിട്ടുപോകരുതെന്നു ക്രിസ്തു അപ്പോസ്തലൻമാരോടു പറഞ്ഞിരുന്നതിനാൽ അവർ യെരുശലേമിൽ കൂടിയിരിക്കയായിരുന്നു. അന്നു ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയിരുന്നു; പെന്തെക്കൊസ്തുദിനവുമായിരുന്നു. വാഗ്ദാനം ചെയ്തിരുന്നതനുസരിച്ച് അപ്പൊസ്തലൻമാരിൽ പരിശുദ്ധാത്മാവിനെ പകർന്നുകൊടുത്തു. അവരായിരുന്നു സുവിശേഷം പ്രഖ്യാപിക്കേണ്ടതു. ഇതിന്റെ അടയാളമായിട്ട്, അവർ മററു ജനങ്ങളുടെ ഭാഷകളിൽ ദൈവത്തിന്റെ വൻകാര്യങ്ങളെ പ്രസ്താവിക്കുന്നതായി കേട്ടവർ അതിശയിച്ചു. ചിലർ ഇതു കേട്ടപ്പോൾ അവർ ലഹരി പിടിച്ചവരായിരിക്കും എന്നു കരുതി. “അപ്പോൾ പത്രൊസ് പതിനൊന്നു പേരോടുകൂടെ നിന്നുകൊണ്ടു ഉറക്കെ അവരോടു പറഞ്ഞതു യെഹൂദാപുരുഷൻമാരും യെരുശലേമിൽ പാർക്കുന്ന എല്ലാവരുമായുള്ളോരേ ഇതു നിങ്ങൾ അറിഞ്ഞിരിക്കട്ടെ; എന്റെ വാക്കു ശ്രദ്ധിച്ചുകൊൾവിൻ. നിങ്ങൾ ഊഹിക്കുന്നതുപോലെ ഇവർ ലഹരി പിടിച്ചവരല്ല; പകൽ മൂന്നാം മണിനേരമേ ആയിട്ടുള്ളുവല്ലൊ. ഇതു യോവേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു അത്രേ'' അതെന്തെന്നാൽ “അന്ത്യകാലത്തു ഞാൻ സകല ജഡത്തിൻമേലും എന്റെ ആത്മാവിനെ പകരും (പ്രവൃത്തി 2:14-17). ദൈവം മുൻകൂട്ടി വാഗ്ദാനം ചെയ്തതു ഇപ്പോൾ നിറവേറി.

അപ്പൊസ്തലൻമാർക്കു വാഗ്ദാനം ചെയ്തതും ലഭിച്ചതും അൽഭുതം പ്രവർത്തിക്കുവാനുള്ള പരിശുദ്ധാത്മശക്തിയായിരുന്നു. ദൈവത്തെ അനുസരിക്കുന്ന മറെറല്ലാവർക്കും അത്ഭുതം ചെയ്യാൻ കഴിയാത്ത, പരിശുദ്ധാത്മദാനമാണ് ലഭിക്കുന്നതു (പ്രവൃത്തി 2:38-39). പിന്നീട് വേലയിൽ സഹായിക്കുന്നതിനു അപ്പൊസ്തലൻമാർ 7 പേരെ തെരഞ്ഞെടുത്ത് അവരുടെ മേൽ കൈ വെച്ച് അവർക്ക് അത്ഭുതം ചെയ്യുവാൻ തക്കവണ്ണം പരിശുദ്ധാത്മശക്തി പകർന്നുകൊടുക്കുന്നുണ്ട്. അവരിൽ ഉണ്ടായി

രിക്കേണ്ട യോഗ്യതകളിൽ ഒന്ന് അവർ പരിശുദ്ധാത്മ നിറവുള്ളവർ ആയിരിക്കണം എന്നതാണ്. അവർക്കു പെന്തെക്കൊസ്തു നാളിൽ അപ്പൊസ്തലൻമാർക്കു ലഭിച്ച പരിശുദ്ധാത്മശക്തി ലഭിച്ചിരുന്നില്ല, ലഭിച്ചിരുന്നെങ്കിൽ അപ്പൊസ്തലൻമാർ അവരുടെ മേൽ കൈ വെച്ച് ആ ശക്തി പകർന്നുകൊടുക്കേണ്ട ആവശ്യമില്ലായിരുന്നു. അവർ പരിശുദ്ധാത്മസ്നാനം ഏല്ക്കാതിരുന്നതിനാൽ പരിശുദ്ധാത്മാവിന്റെ ശക്തി അവരിൽ ഇല്ലായിരുന്നു. അതുകൊണ്ട് അത്ഭുതം ചെയ്‌വാനുള്ള കഴിവും അവർക്കുണ്ടായിരുന്നില്ല. അവർ കർത്താവിനെ അനുസരിച്ചപ്പോൾ അവർക്കു അത്ഭുതം ചെയ്‌വാൻ കഴിയാത്ത അളവിൽ പരിശുദ്ധാത്മദാനം ലഭിച്ചിരുന്നു.

പെന്തെകൊസ്തു നാളിൽ എന്തു സംഭവിച്ചു എന്നു അറിയുവാൻ വിശദീകരിച്ച് പറഞ്ഞിരിക്കുന്നതു നോക്കണം. അവിടെ അപ്പൊസ്തലൻമാർ സുവിശേഷം ജനത്തോടു സംസാരിക്കയും ഇതു കേട്ടിട്ട് അവർ ഹൃദയത്തിൽ കുത്തുകൊണ്ടു പത്രൊസിനോടും ശേഷം അപ്പൊസ്തലൻമാരോടും സഹോദരൻമാരായ പുരുഷൻമാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു. പത്രൊസ് അവരോടു നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. (പ്രവൃത്തി 2:37-38). തുടർന്നു നാം വായിക്കുമെങ്കിൽ "അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏററു അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു (2:41). അവർ ദൈവത്തെ സ്തുതിക്കയും സകല ജനത്തിന്റെയും കൃപ അനുഭവിക്കയും ചെയ്തു. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു (പ്രവൃത്തി. 2:47).

പെന്തെകൊസ്തുനാളിൽ ചില സംഭവങ്ങൾ നടന്നതായി ശ്രദ്ധിച്ചാൽ മനസ്സിലാകും. സുവിശേഷം ആദ്യമായി പ്രസംഗിക്കുവാനും സഭ ആരംഭിക്കുവാനും ദൈവം ആ ദിവസം തെരഞ്ഞെടുത്തു. അപ്പൊസ്തലൻമാർ അവിടെയുണ്ടായിരുന്നു. അവർ സുവിശേഷം പൂർണ്ണധൈര്യത്തോടു പറഞ്ഞു. 3,000 ത്തോളം പേർ കർത്താവിനെ അനുസരിച്ച് രക്ഷ പ്രാപിച്ചു. കർത്താവ് അവരെ തന്റെ സഭയോടു ചേർത്തു. അങ്ങനെ കർത്താവിന്റെ സഭ ഈ സന്ദർഭത്തിൽ നിലകൊള്ളുകയും പിന്നീട് ഇതേ സുവിശേഷം എവിടെയെല്ലാം പ്രചരിച്ചുവോ അവിടെയെല്ലാം അതു അനുസരിച്ചവർ കർത്താവിന്റെ സഭയുടെ ഇടവകകളായി രൂപം കൊണ്ടു.

അടുത്തതായി ഇവിടെ പറഞ്ഞിട്ടില്ലാത്ത ചില കാര്യങ്ങൾ നോക്കാം. സുവിശേഷം അനുസരിച്ചവർ പെന്തെകൊസ്തുകാർ ആയിതീർന്നു എന്നു ഒരിടത്തും സൂചിപ്പിച്ചിട്ടില്ല. ബൈബിളിൽ മറ്റൊരിടത്തും ദൈവജനത്തെ പെന്തെകൊസ്തുകാർ എന്നു വിളിച്ചിട്ടുമില്ല. ദൈവവചനം അനുസരിച്ചവരെ അറിയപ്പെട്ടിരുന്നതു ക്രിസ്ത്യാനികൾ എന്നാണ്. (പ്രവൃത്തി 11:26; പ്രവൃത്തി 26:28; 1 പത്രൊസ് 4:16). പെന്തെകൊസ്തുനാളിൽ ആരംഭിച്ചതുകൊണ്ട് സഭയെ പെന്തെകൊസ്തുസഭ എന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. ക്രിസ്തുവിന്റെ ശരീരമെന്നും ഇടവകകളെയെല്ലാം ചേർത്തു ക്രിസ്തുവിന്റെ സഭകൾ എന്നും ദൈവത്തിന്റെ സഭയെന്നും തുടങ്ങിയ രീതിയിൽ വെളിപ്പെടുത്തിയിട്ടുണ്ട് (1 കൊരിന്ത്യർ 12:27; റോമർ 16:16; 1 കൊരിന്ത്യർ 1:1-2).

ഇന്നു പരിശുദ്ധാത്മസ്നാനം കിട്ടിയിരിക്കുന്നു എന്നു അവകാശപ്പെടുന്നവർ, അന്യഭാഷയിൽ സംസാരിക്കുവാൻ കഴിയുമെന്ന് പറയുന്നവർ, അത്ഭുതങ്ങൾ നടത്തുവാൻ കഴിയുമെന്ന് അവകാശപ്പെടുന്നവർ, കർത്താവ്

ങ്ങളോടു നേരിട്ടു സംസാരിക്കുന്നുവെന്നു അവകാശപ്പെടുന്നവർ, പ്രവചനം നടത്തുന്നവർ തുടങ്ങിയവയുള്ള എല്ലാവരേയും പൊതുവിൽ പെന്തെകൊസ്തുകാർ എന്നാണ് അറിയപ്പെടുന്നതു. മറെറാരർത്ഥത്തിൽ പറഞ്ഞാൽ അവർക്കു പെന്തെകൊസ്തു അനുഭവം ആണ് ഉള്ളതു എന്നാണ് അവകാശവാദം. അപ്പൊസ്തലൻമാരിൽ പരിശുദ്ധാത്മസ്നാനത്താൽ കിട്ടിയതായ അതേ അനുഭവമാണ് തങ്ങൾക്കുള്ളത് എന്ന് അവർ പറയുന്നു. ഇവരിൽ ഏതാനും സഭകൾ പെന്തെകൊസ്തുസഭയായും മററു ചിലതു വേറെ പേരിലും അറിയപ്പെടുന്നുണ്ട്. എങ്കിലും പൊതുവിൽ അവരെ പെന്തെകൊസ്തുകാർ എന്നാണ് വിളിക്കുന്നതു.

വചനവിരുദ്ധമായ രീതിയിലാണ് അനേകരും പെന്തെകൊസ്തു എന്ന പദം ഉപയോഗിക്കുന്നതു. വചനം അതിനോടു യോജിക്കുന്നില്ല, തന്നെയുമല്ല പെന്തെകൊസ്തുകാർ എന്നു പറയുന്നവർക്കു അപ്പൊസ്തലന്മാർക്കു ലഭിച്ചതുപോലെ പരിശുദ്ധാത്മസ്നാനം ലഭിച്ചിട്ടുമില്ല. അവർ ചെയ്തതുപോലെ അത്ഭുതം ചെയ്വാൻ കഴിയുകയില്ല. അന്യഭാഷകളിൽ സംസാരിക്കാൻ സാദ്ധ്യമല്ല, ദൈവം ഇപ്പോഴും അവരിൽകൂടെ കാര്യങ്ങൾ വെളിപ്പെടുത്തുന്നു എന്നു പറയുമ്പോൾ ബൈബിൾ പൂർണ്ണമാണ് എന്ന് അവർ സമ്മതിക്കുന്നില്ല എന്നു വരുന്നു. ദൈവേഷ്ടത്തിന് വിരുദ്ധമായ മാനുഷനിർമ്മിതമായ സഭകളാണുള്ളതു. അവരുടെ ആരാധനാരീതിയും തികച്ചും മാനുഷികമാണ്. ഒരാൾ താൻ പെന്തെകൊസ്തുകാരനാണെന്നു പറഞ്ഞാൽ മനുഷ്യവഴികളെ പിൻപററുന്ന ഒരാളാണെന്ന് വ്യക്തമാക്കുകയാണ്. അതുകൊണ്ട അയാൾ വഞ്ചിക്കപ്പെട്ടും നഷ്ടപ്പെട്ടും കഴിയുന്നു (മത്താ. 7:21-23; 1 യോഹന്നാൻ 4:1).

മുൻപ് പ്രസ്താവിച്ചതു ആരെയും തരം താഴ്ത്തി പുച്ഛരിക്കുന്നതിനല്ല. പിന്നെയോ ഓരോരുത്തരും

അവനവൻ ആരാണെന്നും തന്റെ വിശ്വാസവും അനുസരണവും വചനപ്രകാരമാണോ എന്നു ഗൗരവമായി പരിശോധിക്കേണ്ടതിനത്രേ. ഈ കാര്യങ്ങളെ സംബന്ധിച്ച് നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുക. മതപരമായ കാര്യങ്ങളിൽ നമ്മുടെ വികാരങ്ങൾക്കു കീഴ്പ്പെടാതെ ദൈവത്തോടു സത്യസന്ധത പുലർത്തുക. നമ്മുടെ ആഗ്രഹപ്രകാരമുള്ള പ്രവൃത്തിയോ മറ്റുള്ളവർ പറയുന്നതോ, നാം വിചാരിക്കുന്നതോ, നമ്മുടെ തോന്നലുകളോ നമ്മെ സ്വതന്ത്രമാക്കുന്നില്ല. സത്യമാണ് നമ്മെ സ്വതന്ത്രരാക്കുന്നതു എന്ന കാര്യം നാം ഓർമ്മിക്കണം. ക്രിസ്തു നമ്മുടെ രക്ഷിതാവായിരിക്കെ ഏതു കാര്യത്തിലും നാം വിശ്വസിക്കേണ്ടതും പ്രമാണിക്കേണ്ടതും അവന്റെ കല്പനകൾ മാത്രമായിരിക്കണം.

★

# ആശ്വാസം

പ്രശ്നങ്ങൾ, ദുരിതങ്ങൾ, ദുഃഖങ്ങൾ, കഷ്ടനഷ്ടങ്ങൾ എന്നിവയാൽ ഭാരപ്പെട്ട് നീറുന്നവർക്ക് അതിൽ നിന്നു മോചനം കിട്ടുവാൻ വെമ്പൽ കൊള്ളുന്നു. മനുഷ്യന്റെ പ്രയത്നവും അതിനായി തന്നെയാണ്. ലൗകികവും ആത്മികവും എന്ന് ഇതിനെ രണ്ടായി തരം തിരിക്കാം. ഭൗതികമായ ആശ്വാസം താല്ക്കാലികവും നശ്വരവുമാണെങ്കിൽ ആത്മീയമായ ആശ്വാസം നിത്യവും സ്ഥിരവുമാണ്. ഭൂരിഭാഗം പേരും ഭൗതികമായ ആശ്വാസത്തിനുവേണ്ടി പ്രവർത്തിക്കുന്നു. ആത്മികമായ ആശ്വാസത്തിനുവേണ്ടി പ്രവർത്തിക്കുന്നവർ വളരെ ചുരുക്കമാണ്. ബാഹ്യമായി കാണുന്നതിന് ആകൃഷ്ടരായി തീരുകയാണ് മനുഷ്യർ. കാണാത്തവയെ കുറിച്ച് അവർ ചിന്തിക്കുന്നില്ല. ലോകം ആത്മാവിനെ അറിയുന്നില്ല. അതു

കൊണ്ട് അവർ ആത്മീയമായി ചിന്തിക്കുന്നില്ല. ആകയാൽ ലോകത്തുള്ള ആളുകൾ വേദനയും ദുഃഖവും വരുമ്പോൾ അവയുടെ ആശ്വാസത്തിനായി കണ്ടെത്തുന്ന മാർഗ്ഗങ്ങളെ അവലംബമാക്കുന്നു. ദൈവികമായ ആശ്വാസം ആണ് എല്ലാവർക്കും വേണ്ടതു.

ആശ്വാസമില്ലാതെ ആളുകൾ കഷ്ടപ്പെടുന്നതു എന്തു കൊണ്ടാണ് എന്നു പരിശോധിക്കാം. പാപം ആണ് മനുഷ്യരുടെ ദുരിതങ്ങൾക്കു കാരണം. ദൈവനിയമത്തെ ലംഘിക്കുന്നതാണ് പാപം. അങ്ങനെ തെററു പ്രവർത്തിക്കുന്നവരിൽ ദൈവകോപം ജനിക്കുന്നു. അക്കാരണത്താൽ ജനങ്ങൾ ഭാരപ്പെട്ട് ഞെരങ്ങുന്നു. വേദപുസ്തകം വെളിപ്പെടുത്തുന്ന സത്യം: നീതിമാൻ ആരുമില്ല ഒരുത്തൻ പോലുമില്ല എന്നത്രെ (റോമാലേഖനം 3:10). അതിനുള്ള പ്രതിവിധി ആശ്വാസം ലഭിക്കുവാൻ ദൈവം നിർദ്ദേശിക്കുന്നതു കണ്ടെത്തുക എന്നതാണ്. ദൈവം മനുഷ്യനായി പിറന്നു ഭൂമിയിൽ ജീവിച്ച് മനുഷ്യരുടെ ഈ പ്രതിസന്ധി കണ്ട് മനസലിഞ്ഞ് അവരോട് ഇപ്രകാരം പറയുകയുണ്ടായി. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൌമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏററു കൊണ്ട് എന്നോടു പഠിപ്പിൻ, എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും (മത്തായി 11:28-29). ലോകത്തിൽ മററാർക്കും വാഗ്ദാനം ചെയ്വാൻ കഴിയാത്ത ഒരു വാഗ്ദാനമാണ് കർത്താവ് നല്കിയതു. പക്ഷെ ഈ ആശ്വാസം കണ്ടെത്തുന്നവർ വിരളമാണ്.

ആശ്വാസത്തിന്റെ ഉറവിടം എവിടെയാണ് എന്ന് നാം അറിഞ്ഞിരിക്കണം. അതു ദൈവത്തിൽ നിന്നും പരിശുദ്ധാത്മാവിൽ നിന്നും പുറപ്പെടുന്നു. ദൈവം നമ്മുടെ സൃഷ്ടികർത്താവും പിതാവുമാകയാൽ മക്കളെ, അവന്റെ

സൃഷ്ടികളെ കഷ്ടതയിൽ ആശ്വാസിപ്പിക്കാൻ മനസുള്ള വനാണ്. ക്ഷമാശീലനായ ദൈവം തൻെറ മക്കളുടെ വേദന ദൂരീകരിക്കാൻ ആഗ്രഹിക്കുന്നു. യഥാർത്ഥമായ ആശ്വാസം കിട്ടണമെന്നുള്ളവർ ദൈവത്തിങ്കലേക്കു തിരിയണം. മാനുഷിക ആശ്വാസം നമ്മെ അൽപം തണുപ്പിക്കുമെങ്കിൽ ദൈവം തരുന്ന ആശ്വാസമാണ് നമ്മുടെ ക്ലേശങ്ങളെ പൂർണ്ണമായി എടുത്തുകളയുന്നതു. പാപത്തിൽ നിന്നു നമ്മെ മോചിപ്പിക്കുന്ന ദൈവം വരുത്തുവാനിരിക്കുന്ന ശിക്ഷയിൽ നിന്നു നമ്മെ വിടുവിക്കും. കൊലക്കുററത്തിനു ശിക്ഷിക്കപ്പെട്ട കുററവാളിയുടെ ശിക്ഷ ഇളവു ചെയ്തു കൊടുക്കുമ്പോഴം അവനുണ്ടാകുന്ന ആശ്വാസം പറഞ്ഞറിയിക്കാൻ പ്രയാസം. അതു ഭൗതികമാണെങ്കിൽ ദൈവം വിടുതൽ തരുന്നതു ആത്മാവിൻെറ നിത്യമായ മോചനമാണ്.

അടുത്തതായി പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ ആശ്വാസകിരണങ്ങൾ വിതറുന്നു. ദൈവത്തിൻെറ ആത്മാവ്, ക്രിസ്തുവിൻെറ ആത്മാവ് എന്നിങ്ങനെ അറിയപ്പെടുന്ന ദൈവിക വ്യക്തിത്വം പ്രവർത്തനനിരതമാണ്. പാപങ്ങളിൽ നിന്നു വിട്ടുമാറുവാൻ, ദൈവവചനത്തോട് അടുക്കുവാൻ ദൈവത്തിൻെറ ആത്മാവ് നമ്മെ അവൻെറ വചനത്തിൽ കൂടെ പ്രവർത്തിക്കുന്നു. ദൈവവചനത്തെ ഉൾക്കൊണ്ട് അനുസരിക്കുന്നവരിൽ എന്നേക്കും വസിക്കേണ്ടതിനു തൻെറ ആത്മാവിനെ ദാനമായി നൽകുന്നു. ആത്മാവിൻെറ ആശ്വാസം എവർക്കും അനുഭവപ്പെടുവാനാണ് ദൈവം അതു ചെയ്യുന്നതു. പക്ഷെ ദൈവത്തെ അനുസരിക്കാത്തവർക്കു ആത്മാവ് കിട്ടുന്നില്ല (പ്രവൃ. 9:31). തിരുവെഴുത്തുകളാലും നമുക്കു ആശ്വാസം ലഭിക്കും (റോമർ 15:4). ക്രിസ്തീയ സ്നേഹിതന്മാരുടേയും ബന്ധം ആശ്വാസമുളവാക്കുന്ന ഒന്നാണ്.

അടുത്തതായി യേശുക്രിസ്തുവിൽ നിന്നു പുറപ്പെടുന്നതാണ് ആശ്വാസം. രോഗികൾക്കു സൗഖ്യം നല്കി,

നിരാശയിലും ദുഃഖത്തിലും ആയിരുന്നവർക്കു അതിൽ നിന്നു മോചനം നല്കുന്നതു കർത്താവാണ് (മത്തായി 9:22). തന്റെ നിര്യാണത്തെ കുറിച്ച് ദുഃഖിച്ചിരുന്ന ശിഷ്യൻമാരോട് കർത്താവ് പറഞ്ഞതു നിങ്ങളുടെ ഹൃദയം കലങ്ങരുതു, വിഷമിക്കരുതു, ഞാൻ പോയി നിങ്ങൾക്കു വേണ്ടി സ്ഥലം ഒരുക്കി വന്നു നിങ്ങളെ ആ ഭവനത്തിൽ ചേർത്തുകൊള്ളും എന്ന് അരുളിച്ചെയ്യുകയുണ്ടായി. ഏതു വിധത്തിലുള്ള പ്രശ്നങ്ങളോ പാപസംബന്ധമായ ഭാരമോ ആയാലും കഷ്ടനഷ്ടങ്ങൾ ആയാലും അതിൽ നിന്നു വിടുവിക്കുവാൻ കർത്താവിനു കഴിയും. ആ ആശ്വാസം പ്രാപിക്കുവാൻ നിങ്ങൾ എന്തു ചെയ്യണമെന്നതു പ്രാധാന്യമർഹിക്കുന്നു. അതു തിരിച്ചറിഞ്ഞ് പ്രവർത്തിക്കുക.

## ആശ്വാസം എങ്ങനെ കിട്ടും ?

1. **വിശ്വാസം :—** വിശ്വാസം എന്നാൽ തോന്നലോ മാനസികപ്രതിഭാസമോ അല്ല. അതു ഹൃദയത്തിൽ നിന്നു ഉത്ഭവിക്കണം (റോമർ 10:10). നിർജീവമായിരിക്കരുതു. പ്രവൃത്തിയില്ലാത്ത വിശ്വാസമാണ് അനേകർക്കുള്ളതു (യാക്കോബ് 2:17). പിശാചുക്കളും വിശ്വസിക്കുന്നുണ്ട് (യാക്കോബ് 2:19). യഥാർത്ഥമായ വിശ്വാസം ദൈവത്തിലും അവന്റെ പുത്രനായ ക്രിസ്തുവിലും ആയിരിക്കണം. എങ്കിലേ ദൈവത്തിന്റെ വചനത്തിലും ക്രിസ്തുവിന്റെ ഉപദേശത്തിലും വിശ്വസിക്കയുള്ളു. യേശുക്രിസ്തു ശമര്യക്കാരി സ്ത്രീയോടു പറഞ്ഞതു: സ്ത്രീയേ എന്റെ വാക്കു വിശ്വസിക്ക (യോഹന്നാൻ 4:21). വിശ്വാസമില്ലെങ്കിൽ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാദ്ധ്യമല്ല (എബ്രായർ 11:6). അന്ധവിശ്വാസമല്ല, മറിച്ച് ദൈവം തെളിവുകൾ ധാരാളം തന്നിട്ടുണ്ട്. അതു പരിശോധിച്ച് മനസ്സിലാക്കിവേണം വിശ്വസിക്കുവാൻ. അതുകൊണ്ടാണ് ക്രിസ്തുവിന്റെ വചനം കേട്ടിട്ടു വേണം വിശ്വസിക്കുവാൻ എന്നു പറഞ്ഞിരിക്കുന്നതു

(റോമർ 10:17). നിങ്ങൾ തെറ്റിപ്പോകുന്നതു തിരുവെഴുത്തുകളേയും ദൈവശക്തിയേയും തിരിച്ചറിയാത്തതുകൊണ്ടല്ലയോ? (മർക്കൊസ് 12:24). വിശ്വസിക്കുന്നവനു നിത്യജീവൻ വാഗ്ദാനം ചെയ്തിരിക്കുന്നു. സത്യം മാത്രമെ വിശ്വസിക്കാവൂ (യോഹ. 17:17). കള്ളം വിശ്വസിച്ചാൽ ഹവ്വയെ പോലെ പുറത്തുപോകും.

2. **മാനസാന്തരം** :—മനസ്സിൽ ഉണ്ടാകുന്ന മാറ്റം. വഴി തിരിഞ്ഞു നടക്കൽ ആണ് യഥാർത്ഥ മാനസാന്തരം. സ്വന്ത വഴി വിട്ട് ദൈവ വഴിയിൽ കൂടെ സഞ്ചരിക്കാമെന്ന ഉടമ്പടി എല്ലാവർക്കും ആവശ്യമാണ് (പ്രവൃ. 17:30). ക്ഷുദ്ര പ്രയോഗം ചെയ്തിരുന്ന പലരും തങ്ങളുടെ പുസ്തകങ്ങൾ എല്ലാവരും കാൺകെ ചുട്ടുകളഞ്ഞു. അതാണ് മാനസാന്തരം. പാപം പൂർണ്ണമായി ഒഴിവാക്കണം. മാനസാന്തരം ജീവിതത്തിൽ പരസ്യമാകണം. അങ്ങനെ നാം മാനസാന്തരപ്പെട്ടില്ലെങ്കിൽ കർത്താവു പറഞ്ഞിരിക്കുന്നു; നാം നശിച്ചുപോകും (ലൂക്കൊസ് 13:3). മാനസാന്തരപ്പെടാത്തവരെ സംബന്ധിച്ച് അവർക്കു പ്രത്യാശയില്ല. മാനസാന്തരപ്പെടുന്ന ഒരു പാപിയെ കുറിച്ച് സ്വർഗ്ഗം സന്തോഷിക്കും. ഇന്നു തന്നെ മാനസാന്തരപ്പെടുക.

3. **ഏററു പറച്ചിൽ** :—യേശു ദൈവപുത്രനാണെന്നു നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ ആ വിശ്വാസം നിങ്ങൾ ഉള്ളിൽ വെച്ചുകൊണ്ടിരിക്കയല്ല വേണ്ടതു. തുറന്നു പ്രഖ്യാപിക്കണം; ലോകത്തുള്ള ജനങ്ങളോടു (മത്തായി 10:32-33). നിങ്ങൾ അവനെ മനുഷ്യരുടെ മുമ്പിൽ ഏററു പറഞ്ഞാൽ അവൻ സ്വർഗ്ഗസ്ഥനായ പിതാവിൻെറ മുമ്പിൽ നിങ്ങളേയും ഏററു പറയും. ഇല്ലെങ്കിൽ അവൻ നിങ്ങളെ തള്ളിപ്പറയും.

★

(ശേഷം അടുത്ത ലക്കത്തിൽ)

# മാനസാന്തരം കഠിനമേറിയ കല്പനയോ ?

## ഡേവിഡ് W. C.

ലോകത്തുള്ള ആളുകൾ ധരിച്ചുവച്ചിരിക്കുന്ന രീതിയിൽ അല്ല ദൈവം കല്പിച്ചിട്ടുള്ള കാര്യങ്ങൾ എന്നതു വിചിത്രമാണ്. ഉദാഹരണമായി പറഞ്ഞാൽ സമൂഹം ഇന്ന് മാനസാന്തരം എന്നതുകൊണ്ട് അർത്ഥമാക്കുന്നതു, പാപത്തെക്കുറിച്ച് ഉണ്ടാകുന്ന ദുഃഖമാണ് എന്നതാണ്. എന്നാൽ വിശുദ്ധവേദപുസ്തകം ശരിയായി പരിശോധിക്കുമ്പോഴാണ് യാഥാർത്ഥ്യം വ്യക്തമാകുന്നതു. പശ്ചാത്താപത്തിനപ്പുറമാണ് മാനസാന്തരം. തെററുകളിൽ നിന്നു പൂർണ്ണമായി വ്യതിചലിക്കുന്ന ജീവിതമാണ് ആവശ്യം. മനസും പ്രവൃത്തിയും അല്ലെങ്കിൽ ചിന്തയും ജീവിതവും ദൈവത്തിൻെറ ഇഷ്ടത്തിന് വിധേയമാക്കണം. അതു സംഭവിക്കാതെ മാനസാന്തരപ്പെട്ടു എന്നു പറയുന്നതിൽ അർത്ഥമില്ല. കർത്താവിൻേറയും അപ്പൊസ്തലൻമാരുടേയും ഉപദേശങ്ങളിൽ ആ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഏതൊരു മനുഷ്യനും തൻെറ ജീവിതത്തെ ആ രീതിയിൽ രൂപാന്തരം വരുത്തണം. പരമാർത്ഥഹൃദയത്തോടെ തിരിയുന്ന മനുഷ്യരെ ദൈവം അംഗീകരിക്കും. ദൈവവാഗ്ദാനത്തിൽ നമുക്ക് പൂർണ്ണമായി ആശ്രയിക്കാം.

മാനസാന്തരപ്പെടുവാനുള്ള നമ്മുടെ ഉത്തരവാദിത്വത്തെ ബൈബിളിൽ പഠിപ്പിച്ചിരിക്കുന്നതു മനസിലാക്കിയിരിക്കുന്നതു വളരെ കുറച്ചു മാത്രം. തിരുവെഴുത്തു പ്രഖ്യാപിച്ചു തുടങ്ങുന്നതു തന്നെ. 1. മനുഷ്യനിലനില്പിൻെറ അടിസ്ഥാന യാഥാർത്ഥ്യമാണ് പാപം,

2. എല്ലാവരും മാനസാന്തരപ്പെടേണ്ടതു ആവശ്യമാണ്. ആദാമിൽ നിന്നും ഹവ്വയിൽ നിന്നും ഇസ്രായേൽ ജനം പഠിക്കേണ്ടിയിരുന്ന അടിസ്ഥാനപാഠം അതായിരുന്നു (ഉല്പത്തി 2:3). ബൈബിൾ ചരിത്രകാലഘട്ടത്തിൽ എല്ലാം ആരംഭം മുതൽ അവസാനം വരെ മാനസാന്തരത്തിന്റെ ആവശ്യം വെളിപ്പെടുത്തിയിട്ടുണ്ട്; പാപിയായ മനുഷ്യനോടു മാനസാന്തരപ്പെടുവാൻ കല്പിക്കുന്നുണ്ട്; മാനസാന്തരപ്പെടുവാനുള്ള ഉത്തരവാദിത്വം ആളുകളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

മനുഷ്യർ മാനസാന്തരപ്പെടുമ്പോൾ ദൈവത്തിൻമേൽ വരുത്താവുന്ന സ്വാധീനശക്തി തറപ്പിച്ച് പ്രതിപാദിച്ചിരിക്കയാണ് പഴയ നിയമത്തിലും പുതിയ നിയമത്തിലും. ഒരു വ്യക്തിയുടെ ജീവിതത്തിൽ പാപക്ഷമാപണം യാഥാർത്ഥ്യമായിത്തീരുവാൻ മാനസാന്തരം അത്യന്താപേക്ഷിതമാണ് (പ്രവൃത്തി 2:38). ഒരാളുടെ പാപം മായ്ച്ചുകളയണമെങ്കിൽ, കർത്താവിന്റെ നവീകരണമഹത്വം ലഭിക്കണമെങ്കിൽ മാനസാന്തരപ്പെടണം (പ്രവൃത്തി 3:10).

മാനസാന്തരം എന്താണെന്ന് അറിയാതെ ഒരാൾ എങ്ങനെ മാനസാന്തരപ്പെടും? പുതിയ നിയമത്തിൽ യേശുവും അപ്പോസ്തലൻമാരും മാനസാന്തരത്തെപ്പറ്റി പഠിപ്പിച്ചിരിക്കുന്നതു മനസിലാക്കാതെ ആരെങ്കിലും വാസ്തവത്തിൽ എങ്ങനെ മാനസാന്തരപ്പെടും? ഏതൊരു വ്യക്തിയും വിശ്വാസം, മാനസാന്തരം, സ്നാനം എന്നിവയെ സംബന്ധിച്ച് അറിഞ്ഞിരിക്കണം. മാനസാന്തരം കൂടാതെ പാപമോചനമോ, ക്രിസ്തുവിലുള്ള പുതുജീവനോ ലഭിക്കുന്നില്ല.

മാനസാന്തരത്തെക്കുറിച്ച് സാധാരണ രീതിയിലുള്ള വിശദീകരണം ഇപ്രകാരമാണ്. നിങ്ങളുടെ ജീവിതം, പാപത്തിൽ നിന്നു ദൈവത്തിങ്കലേക്കു തിരിച്ച് വിടുന്നതിനാണ് മാനസാന്തരം എന്നു പറയുന്നതു. വർഷങ്ങൾക്കു

മുൻപ് ഈ തിരിവിനെ ഏതാണ്ട് ഇതുപോലെ വിവരിക്കയുണ്ടായി. മനസ്സിൽ ഉണ്ടാകുന്ന മാററം, ഹൃദയമാററത്തിലേക്കും തുടർന്നു പ്രവൃത്തിയിലേക്കും അങ്ങനെ ജീവിതത്തിലേക്കും ഉള്ള ഒരു മാററമാണ് മാനസാന്തരം. ഇവയെല്ലാം പരമാർത്ഥമാണ്. എങ്ങനെയായാലും നമ്മുടെ ദൈനന്തിനജീവിതത്തിൽ അതിൻെറ അർത്ഥമെന്തെന്ന് നിങ്ങൾക്കു അറിയാമോ ?

മുടിയനായ പുത്രൻെറ ഉപമയിൽ യേശു, മാനസാന്തരത്തിൻെറ വ്യക്തമായ ഒരു അവതരണം അർത്ഥമാക്കി തരുന്നുണ്ട് (ലൂക്കൊസ് 15:11-24). ഒരു മനുഷ്യൻെറ ഇളയ മകൻ പ്രായപൂർത്തിയായപ്പോൾ യുവത്വത്തിൻെറ ബുദ്ധിശൂന്യതയും നിർബ്ബന്ധബുദ്ധിയും അവനെ നാശത്തിലേക്കു നയിച്ചു എന്നു പറയാം. പിതാവിൻേറയും മൂത്ത സഹോദരൻേറയും കർശനനിയന്ത്രണത്തിൽ നിന്നു സ്വാതന്ത്ര്യം നേടുവാൻ അവൻ ആഗ്രഹിച്ചു. തനിക്കു അവകാശമായി കിട്ടേണ്ട സമ്പാദ്യം അവൻ ആവശ്യപ്പെട്ടു വാങ്ങിക്കൊണ്ട് അവൻ തൻെറ വീട് വിട്ടുപോയി.

അവൻ തൻെറ സ്വത്തുമായി ദൂരദേശത്തുപോയി കൂട്ടുകാരുമായി ചേർന്നു തിന്നുകുടിച്ചു സുഖിച്ചു. തൻെറ കൈവശം ഉണ്ടായിരുന്നതെല്ലാം തീർന്നപ്പോൾ ആ ദേശത്ത് വലിയൊരു ക്ഷാമവും നേരിട്ടു. സ്ഥിതി പരിതാപകരമായി തീർന്നപ്പോൾ കൂട്ടുകാരും ഭക്ഷണവും ഇല്ലാതെയായി. ഒരു ഇസ്രായേല്യന് ഹീനമായ ഒരു ജോലി അവൻ ഏറെറടുക്കുകയുണ്ടായി. പന്നികളെ മേയ്ക്കുക എന്ന ജോലിയാണ് (ലേവ്യാപുസ്തകം 11:2-8). എന്നിട്ടും അവൻ നിരാശനായിരുന്നു. വിശന്നു പൊരിഞ്ഞ അവൻ പന്നികൾ തിന്നുന്ന വാളവര തിന്നു വിശപ്പടക്കാൻ തന്നെ ആഗ്രഹം പ്രകടിപ്പിച്ചു.

തൻെറ മുന്നിൽ ഉയർന്നുവന്ന ആവശ്യം അവനെ നേർവഴിക്കു ചിന്തിക്കാൻ പ്രേരിപ്പിച്ചു. തന്നെക്കാൾ തൻെറ

അപ്പന്റെ കൂലിക്കാരെ എത്രയധികം കരുതുന്നു എന്ന വസ്തുത അവൻ തിരിച്ചറിഞ്ഞു. തന്റെ തെററുകൾക്കു താൻ തന്നെയാണ് ഉത്തരവാദി എന്നും അവൻ മനസിലാക്കി. ആ നിമിഷം അവൻ ചെയ്ത തെററ് തന്റെ പിതാവിനോടും ദൈവത്തോടും ആണെന്ന് അവനു ബോദ്ധ്യമായി. തന്റെ പാപത്തിനെതിരായി പരിഹാരപ്രവൃത്തി ചെയ്യുവാൻ അവൻ ധൈര്യം അവലംബിച്ചു.

എന്തൊരു പ്രയാസകരമായ തീരുമാനമായിരുന്നു അതു! തന്റെ അപ്പന്റെ അടുക്കൽ ചെന്ന് അപരാധം ഏററു പറഞ്ഞ് മകനായി സ്വീകരിക്കണമെന്നായിരുന്നില്ല അവന്റെ അപേക്ഷ. കൂലിക്കാരിൽ ഒരാളായി കാണണമെന്നായിരുന്നു. മകൻ എന്നു വിളിക്കുവാനുള്ള യോഗ്യത അവനില്ല എന്ന് അവൻ തിരിച്ചറിഞ്ഞു. ആ ആവശ്യം ഉന്നയിക്കുവാൻ അവന് യാതൊരു അവകാശവുമില്ല. തന്റെ പിതാവിന്റെ ഭവനത്തിലേക്കുള്ള അവന്റെ ദീർഘമായ യാത്രയിൽ അപ്പന്റെ പ്രതികരണം എന്തായിരിക്കും? കോപിക്കുമോ? താന്തോന്നിയായ മകനെക്കുറിച്ച് നാണിക്കുമോ? തന്നെ കൂലിക്കാരനാക്കുമോ? അനന്തരഫലമെന്തായാലും അവൻ തന്റെ പിതാവിന്റെ അടുക്കലേക്കു തന്നെ പോയി.

മാനസാന്തരത്തിന്റെ ശക്തമായ വിവരണമാണ് അതു. അതു വാസ്തവത്തിൽ മാനസാന്തരത്തെ ചിത്രീകരിക്കയാണ്. 1. ശരിയായി ചിന്തിക്കുന്നതിനും കാണുന്നതിനും ഉള്ള ശേഷി അവൻ ആർജിച്ചെടുത്തു. തന്നെത്തന്നെ വഞ്ചിക്കുന്ന സ്വഭാവം അവൻ നിർത്തി തന്റെ ജീവിതത്തേയും സാഹചര്യത്തെയും യാഥാർത്ഥ്യബോധത്തോടെ നോക്കി കാണാൻ തുടങ്ങി. 2. തന്റെ സ്വന്തപാപങ്ങളെ, പരാജയങ്ങളെ, അകൃത്യങ്ങളെ അവൻ കണ്ടു. 3. സത്യം മനസിലാക്കി. അതായതു താൻ തീരുമാനിച്ച് തിരഞ്ഞെടുത്തതായിരുന്നു പാപം എന്ന് അവൻ തിരിച്ചറിഞ്ഞു. 4. തന്റെ സ്വഭാവത്തിനും പ്രവർത്തിക്കും പൂർണ്ണ ഉത്തരവാദിത്വം അവൻ ഏറെറടുത്തു. അതിനു മററാരേയും പഴി

ചാരിയില്ല. 5. തൻെറ തെററുകുററങ്ങൾ ആരെയൊക്കെ വേദനിപ്പിച്ചു എന്നതും അവൻെറ മനസിൽ തെളിഞ്ഞു കണ്ടു; പിതാവിനേയും ദൈവത്തേയും. 6. തൻെറ അയോഗ്യതയെ വാസ്തവത്തിൽ അവൻ മനസിലാക്കി. 7. അവൻെറ ശരിയായ ചിന്തയും കാഴ്ച്ചപ്പാടും പ്രാവർത്തികമാക്കിതീർത്തു. പന്നികൾക്കിടയിൽ നിന്നു അവൻ എഴുന്നേററു അപ്പൻെറ അടുക്കൽ ചെന്നു തന്നെക്കുറിച്ചുളള സത്യം അവൻ ഏററു പറഞ്ഞു.

ക്ഷമാശീലനായ ദൈവത്തെ ഈ പിതാവിൽ ഹൃദയസ്പർശകമായ രീതിയിൽ നമുക്കു വെളിപ്പെടുത്തി തന്നിരിക്കയാണ് ഇവിടെ. ആ സമയം, അവൻെറ അപ്പനാണെങ്കിൽ തൻെറ മകൻ വരുന്നോ... വരുന്നോ എന്നു വഴിയിലേക്കു നോക്കിയിരിക്കുകയാണ്. നഷ്ടപ്പെട്ടുപോയ മകൻെറ പുനരാഗമനത്തെ കാത്തിരിക്കയാണ് അയാൾ. മുഷിഞ്ഞ് വികൃതമായ വേഷധാരിയായി മെലിഞ്ഞു ക്ഷീണിച്ച് അവശനായി നടന്നുവരുന്ന ആ മകനെ അപ്പൻ ദൂരത്തുനിന്നു തന്നെ തിരിച്ചറിഞ്ഞു. അവൻ തൻെറ മകൻെറ അടുക്കലേക്കു ഓടിച്ചെന്നു മനസലിഞ്ഞു കെട്ടിപ്പിടിച്ചു ചുംബിച്ചു. മകൻെറ ഏററുപറച്ചിൽ അവൻ കഷ്ടിച്ചു കേട്ടിരിക്കാം. ആ മാനസാന്തരം പരമാർത്ഥമാണെന്ന് അവൻ അറിഞ്ഞു. അവനെ മകനായിത്തന്നെ സ്വീകരിച്ചു. മകൻെറ സ്ഥാനത്തേക്കു തന്നെ അവൻ ചേർക്കപ്പെട്ടു. തന്നെയുമല്ല വലിയൊരു വിരുന്നും ആഘോഷവും നടത്തുകയുണ്ടായി. കാരണം മരിച്ച മകനെ ജീവനോടെ തിരിച്ചു കിട്ടി.

അതാണ് മാനസാന്തരം. മാനസാന്തരത്തിനു ദൈവത്തിൽ ഉള്ള സ്വാധീനഫലം വളരെ ശക്തമാണ്. നിങ്ങൾ മാനസാന്തരപ്പെട്ടാൽ അതു നിങ്ങളുടെ ജീവിതത്തിലും സംഭവിക്കും.

★

കവിത

# സ്നേഹം

E. K. തേപ്പുപാറ

സ്നേഹമതുണ്ടെന്നു ചൊല്ലുന്നു മാനസ്സം,
ഹൃത്തിലോസ്നേഹമതെപ്പോഴേ മാഞ്ഞുപോയ്.
വെള്ളയടിച്ചൊരു കല്ലറയെന്നപോൽ,
നാറുന്ന ജീവിതം തേടുന്നു മാനവർ.

കല്ലും കനിയുമെ നൽവാക്കുരയ്ക്കുകിൽ,
ചങ്കുതകരുമേ വെട്ടിപ്പറയുകിൽ.
അക്ഷരം കൊല്ലുമെന്നന്നുപറഞ്ഞൊരു
പുസ്തകമുണ്ടതുതേടിപ്പിടിക്കുക.

മാനസ്സം മാറാതെ ഖിട്ടിടും വാക്കുകൾ,
തൻമാറിൽ തന്നെ തറയ്ക്കുമെന്നോർക്കുകിൽ.
നൽസുഖം കിട്ടുമെന്നാരുമുരയ്ക്കേണ്ടാ
കിട്ടുന്നതൊക്കെയും ഗുണ്ടും ശരങ്ങളും.

ആത്മീയ കൂട്ടരെ വഞ്ചിച്ചു വഞ്ചിച്ചു,
ചുററിപ്പറക്കുന്നു കൊത്തിയും കീറിയും.
കള്ളകൂട്ടുകൾ പൂമാല കോർത്തൊരു,
വെള്ളക്കൊടികളെ തോരണം ചാർത്തിയും.

ചെമ്മാനവീഥിയിൽ ചെമ്പരുന്തങ്ങനെ,
വീശിപ്പറക്കുന്നു താഴെക്കുതിക്കുന്നു.
പുള്ളുകളങ്ങനെ മേലെപ്പറക്കുമേ,
കൊത്തിതകർത്തു തരിപ്പണമാക്കുമേ.

വല്ലാത്തലോകത്തിലാണെന്റെ ജീവിതം,
കൊല്ലാതെ കൊല്ലുമെന്നോർക്കുക സോദരാ.
തെല്ലും ഭയം വേണ്ട സോദരാ നിങ്ങളും,
വന്നടുത്തീടുക നാഥന്റെ കൈകളിൽ

★

# സ്ത്രീയുടെ വില

ബെററി B. C.

## അവളെ ആവശ്യമുള്ളവർക്ക്...

ഭൗതിക ജീവിതത്തിന്റെ നിലനില്പിനും ആത്മാവിന്റെ പോഷണത്തിനും ഉതകുന്ന പ്രവൃത്തികൾ സാധാരണയായി കുടുംബിനികളായ സ്ത്രീകൾ ചെയ്യുന്നതുകൊണ്ട് പുറത്തുള്ള ആളുകളിൽ അവരുടെ സഹായവും കരുതലും ആവശ്യമുള്ളവരിലേക്കു അതു എത്തിക്കുവാൻ തക്ക പരിശീലനം നേടുന്നവരാണ് അവർ. ക്രിസ്തീയ ജീവിതത്തിന്റെ യഥാർത്ഥമായ ഒരു ഭാഗം മററുള്ളവരെ കുറിച്ച് കരുതുകയും അവർക്കു വേണ്ട സഹായം എത്തിക്കുകയും ചെയ്യുക എന്നതാണ്.

ഒന്നാം നൂററാണ്ടിലെ ക്രിസ്തീയ സ്ത്രീകളെക്കുറിച്ച് പ്രതിപാദിക്കുന്ന വേദഭാഗം നമുക്കു പരിശോധിക്കാം. ''യോപ്പയിൽ പേടമാൻ എന്നർത്ഥമുള്ള തബീഥാ എന്നു പേരുള്ളോരു ശിഷ്യ ഉണ്ടായിരുന്നു. , അവൾ വളരെ സൽപ്രവൃത്തികളും ധർമ്മങ്ങളും ചെയ്തുപോന്നവളായിരുന്നു. ആ കാലത്തു അവൾ ദീനം പിടിച്ച് മരിച്ചു; അവൾ അവളെ കുളിപ്പിച്ചു ഒരു മാളിക മുറിയിൽ കിടത്തി. ലുദ്ദ യോപ്പെക്കു സമീപമാകയാൽ പത്രൊസ് അവിടെ ഉണ്ടെന്നു ശിഷ്യൻമാർ കേട്ടു; നീ താമസിയാതെ ഞങ്ങളുടെ അടുക്കലോളം വരേണം എന്നു അപേക്ഷിപ്പാൻ രണ്ടു ആളെ അവന്റെ അടുക്കൽ അയച്ചു. പത്രൊസ് എഴുന്നേററു അവരോടു കൂടെ ചെന്നു. എത്തിയപ്പോൾ അവർ അവനെ മാളികമുറിയിൽ കൊണ്ടുപോയി; അവിടെ വിധവമാർ എല്ലാവരും കരഞ്ഞുകൊണ്ടും തബീഥാ തങ്ങളോടുകൂടെ

ഉള്ളപ്പോൾ ഉണ്ടാക്കിയ കുപ്പായങ്ങളും ഉടുപ്പുകളും കാണിച്ചുകൊണ്ടും അവന്റെ ചുററും നിന്നു (പ്രവൃ. 9:36-39).

ദൈവത്തോടുള്ള സേവനത്തിൽ ക്രിസ്തീയ സ്ത്രീകൾ ചിലപ്പോൾ ചുരുങ്ങിപ്പോകാറുണ്ട്. വചനത്തിൽ പഠിപ്പിച്ചിരിക്കുന്നത് സ്ത്രീകൾ സഭായോഗങ്ങളിൽ പരസ്യമായ നേതൃത്വം നടത്താൻ അവർക്കു അനുവാദമില്ലെന്നാണ്. ''വിശുദ്ധൻമാരുടെ സർവ്വസഭകളിലും എന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ; ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്കു അനുവാദമില്ല' (1 കൊരിന്ത്യർ 14:34). മൌനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല. ആദാം ആദ്യം നിർമ്മിക്കപ്പെട്ടു, പിന്നെ ഹവ്വ; ആദാം അല്ല, സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടതു. എന്നാൽ വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധീകരണത്തിലും സുബോധത്തോടെ പാർക്കുന്നു എങ്കിൽ അവൾ മക്കളെ പ്രസവിച്ചു രക്ഷ പ്രാപിക്കും (1 തിമൊഥെ. 2:12-14).

എന്നാൽ ഇതിന്റെ അർത്ഥം ക്രിസ്തീയ സ്ത്രീകൾക്കു ഒരു പ്രവൃത്തിയും ചെയ്യുവാനില്ല എന്നതല്ല. സൽപ്രവൃത്തികളും സ്നേഹപ്രയത്നങ്ങളും നിറഞ്ഞ ഒരു സ്ത്രീയായിരുന്നു തബീഥാ. പത്രോസ് വന്നപ്പോൾ, തബീഥാ ജീവനോടുകൂടെ ഇരുന്നപ്പോൾ ഉണ്ടാക്കിയ വസ്ത്രങ്ങൾ എല്ലാം എടുത്തു കാണിച്ചുകൊടുക്കുകയായിരുന്നു അവിടത്തെ വിധവമാർ. അവൾക്കു ചെയ്യാവുന്ന പ്രവൃത്തി കണ്ടെത്തി ചെയ്യുന്ന സ്വഭാവം ആയിരുന്നു അവൾക്കുണ്ടായിരുന്നതു. എന്നാൽ ധാരാളം പേർ പരിഭവപ്പെടുന്നതു അവർക്കു ചെയ്യുവാൻ പററാത്ത കാര്യങ്ങളിലാണ്. കഴിവുള്ള പ്രവൃത്തികൾ ചെയ്യാതിരിക്കയും ചെയ്യും. ഇതു തികച്ചും വിരോധാഭാസം തന്നെ.

തബീഥക്കു ദൈവത്തിൽ നിന്നു ലഭിച്ച താലന്തായിരുന്നു വസ്ത്രനിർമ്മാണം. സഭയിലെ വിധവമാരുടേയും കുട്ടികളുടേയും ആവശ്യങ്ങൾ മനസിലാക്കി അതു നിറവേററുവാൻ അവർ തീരുമാനിച്ചു. അതിനു അവളുടെ താലന്തു അവൾ ഉപയോഗിച്ചു. മററുള്ളവർ ചെയ്യുന്നതു പോലെ അവളുടെ താലന്ത് അവൾ കുഴിച്ചിട്ടില്ല. അതു ശരിയായി ഉപയോഗിച്ചതുകൊണ്ട് അനേകം പേർക്കു പ്രയോജനപ്പെട്ടു. നമ്മിൽ എല്ലാവരിലും ഓരോ കഴിവുകൾ ദൈവം തന്നിട്ടുണ്ട്. അതു കണ്ടെത്തി ഉപയോഗിക്കണം. ഇല്ലെങ്കിൽ അതു നമ്മിൽ നിന്നു എടുത്തുകളയും. സ്വന്തജീവിതത്തിനുവേണ്ടി മാത്രമല്ല അതു ഉപയോഗിക്കേണ്ടതു നിസ്വാർത്ഥ വ്യക്തികൾ അതു മററുള്ളവരുടെ പ്രയോജനത്തിനുവേണ്ടിയും പ്രയോഗിക്കും.

മത്തായി 25-ാം അദ്ധ്യായം 14 മുതൽ 30 വരെയുള്ള വാക്യങ്ങളിൽ വിവരിച്ചിരിക്കുന്ന താലന്തുകളുടെ ഉപമയിൽ യേശുക്രിസ്തു അർത്ഥമാക്കിയതും ഇതു തന്നെയാണ്. ഓരോ വ്യക്തിക്കും കഴിവുകളാകുന്ന അനുഗ്രഹങ്ങൾ ദൈവം നല്കിയിട്ടുണ്ട്. ചിലർക്കു കുറച്ചായിരിക്കും മററു ചിലർക്കു കൂടുതലായിരിക്കും. നമുക്കു ലഭിച്ചിരിക്കുന്ന കഴിവുകൾ എത്രയായാലും എന്തൊക്കെയായാലും ദൈവമക്കളായ നാം അതു യഥാവിധി ഉപയോഗിക്കുന്നവരായിരിക്കണം. അങ്ങനെ നാം ചെയ്യുമ്പോൾ ദൈവം നമ്മുടെ കഴിവുകളെ വർദ്ധിപ്പിക്കും. ജീവിതം മുഴുവനും നിവർത്തിക്കേണ്ട ചുമതലകൾ ഇതിൽ ഉൾപ്പെടുന്നു. അലസതയും അലംഭാവവും നിമിത്തം തങ്ങൾക്കു ഏല്പിച്ചു കിട്ടിയ താലന്തുകളെ മൂടിവെക്കുന്നതു പാപമാണ്. ഒന്നുമില്ലാത്ത ശൂന്യമായ അവസ്ഥയിലേക്കു അവർ മാറും എന്നതാണ് അനന്തരഫലം.

ചിലർക്കു വൈദ്യശാസ്ത്രത്തിൽ വൈഭവം ഉണ്ടായിരിക്കും. ഡോക്ടർമാരോ നഴ്സ്മാരോ ആയിത്തീർന്നു സേവനം അനുഷ്ഠിക്കും. അവരുടെ സഹോദരീ സഹോദരന്മാർ ആരെങ്കിലും രോഗികളായി കിടക്കുമ്പോൾ അവരെ

ശുശ്രൂഷിക്കുവാനും ചികിൽസിക്കുവാനുമുള്ള അവസരം കിട്ടുമ്പോൾ അവരുടെ കഴിവ് അവർ ശരിയായി ഉപയോഗിക്കയാണ്. ഔദ്യോഗിക സേവനം അരുതു എന്നല്ല; പിന്നെയോ ക്രിസ്തീയസേവനം ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് എന്നതു പ്രാധാന്യമർഹിക്കുന്നു. കുട്ടികളെ സംരക്ഷിക്കുക, ഗൃഹശുചീകരണം, ആഹാരപദാർത്ഥങ്ങൾ പാചകം ചെയ്യൽ തുടങ്ങിയ പല കാര്യങ്ങളും ക്രിസ്തീയ സേവനത്തിന്റെ ഭാഗമായി ചെയ്യാവുന്നതാണ്. പ്രായമായവരെ, ദുഃഖിക്കുന്നവരെ ചെന്നു കണ്ടു ആശ്വസിപ്പിക്കുവാൻ ഓരോ സ്ത്രീക്കും കഴിയണം. വായിക്കുവാൻ കഴിയാത്തവർക്കുവേണ്ടി ദൈവവചനം വായിച്ചു കേൾപ്പിക്കുവാൻ ഓരോരുത്തരും ശ്രമിക്കണം. യുവതികളെ നേർവഴിക്കു കൊണ്ടുപോകത്തക്ക കൂട്ടായ്മയും പഠനവും വളർത്തുവാൻ ക്രിസ്തീയ സ്ത്രീകളും അമ്മമാരും മുൻകൈ എടുക്കണം. ദൈവത്തിന്റെ ആത്മിയ ഭവനത്തിലുള്ള ക്രിസ്ത്യാനികൾക്കും പുറത്തുള്ളവർക്കും സ്നേഹവും അതിഥിസൽക്കാരവും ആചരിക്കുവാൻ നാം ഒരുങ്ങിയിരിക്കണം. തബീഥാ, തനിക്കു ലഭിച്ച താലന്തു ദൈവമഹത്വത്തിനായി ഉപയോഗിച്ചതുപോലെ ദൈവത്തിന്റെ സ്ത്രീകളായ നാം ഓരോരുത്തരും നമ്മിലുള്ള കഴിവുകൾ, അവസരങ്ങൾ തക്ക സമയത്തു ചെയ്യുവാൻ മടിക്കരുതു.

ദൈവം നമ്മിൽ നിന്നു ആഗ്രഹിക്കുന്ന രീതിയിൽ വേണം നാം ജീവിക്കുവാൻ. ക്രിസ്തീയജീവിതം അന്യോന്യം ഉത്തേജിപ്പിക്കേണ്ടതും വളർത്തേണ്ടതും ആണ്. സൽഗുണപൂർത്തിയിൽ നാം എല്ലാവരും തികഞ്ഞവരായിതീരുവാൻ നമ്മുടെ പ്രവൃത്തികൾ കാരണമായിത്തീരണം. സ്ത്രീത്വത്തിന്റെ വില ലോകത്തിൽ പ്രസിദ്ധമാക്കേണ്ടവരായ നാം എത്രമാത്രം അതു ചെയ്യുന്നുണ്ട്?

★

# പ്രവൃത്തി

## ജെ. ഫ്രാൻസീസ്

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

**അ**വർ ക്രിസ്തുവിനെ കൊന്നവർ ആയിരുന്നു. അവർ അവനെ കല്ലെറിഞ്ഞു കൊന്നു (അ. പ്ര. 7:2-60). ഇത്രയും ജീവത്യാഗം ക്രിസ്തുവിനുവേണ്ടി അർപ്പിച്ച സ്തെഫാനോസിനു അന്നത്തെ ക്രിസ്ത്യാനികൾ മഹിമ നൽകിയില്ല. അവനെ സാധാരണയായി അടക്കം ചെയ്തു. വലിയൊരു വിലാപം കഴിച്ചു (അ. പ്ര. 8:2). അവൻെറ ആത്മാവിൻെറ നിത്യശാന്തിക്കായി കുർബാന അർപ്പിച്ചില്ല. പുരോഹിതൻമാർക്കു കൈക്കൂലി കൊടുത്തു അവരെക്കൊണ്ടു പ്രാർത്ഥിപ്പിച്ചില്ല. പീഡനം സഹിക്കാൻ കഴിയാത്തവർ ചിതറിപ്പോയി. അവർ പോയ സ്ഥലത്തെല്ലാം സുവിശേഷം അറിയിച്ചു (അ. പ്ര. 8:4). അവർ പീഡനത്തെ ഭയന്നു ക്രിസ്തുവിനുവേണ്ടിയുള്ള പ്രവർത്തനം സ്തംഭിപ്പിച്ചില്ല.

സുവിശേഷം ലോകത്തിൽ എവിടെയും പരന്നു. ക്രിസ്ത്യാനികളായി മാറിയ ചിലർ ഞാൻ പൌലോസിൻെറ പക്ഷക്കാർ എന്നും, മററു ചിലർ ഞാൻ അപ്പൊല്ലൊസിൻെറ പക്ഷക്കാർ എന്നും പറഞ്ഞു പൌലോസിനും അപ്പൊല്ലൊസിനും പ്രാധാന്യം നൽകുവാൻ തുനിഞ്ഞു (1 കൊരി. 3:4, 5). പൌലോസ് അതിനെ നിശിതമായി വിമർശിച്ചു. ക്രിസ്ത്യാനികളുടെ ആത്മികവളർച്ചക്ക് അതു ഉപകരിക്കുമെങ്കിൽ അവർ അതിനെ തീർച്ചയായും പ്രോത്സാഹിപ്പിക്കുമായിരുന്നു. അങ്ങനെ പക്ഷം വന്നാൽ ക്രിസ്തുവും ക്രിസ്ത്യാനികളും തമ്മിൽ നിലനില്ക്കുന്ന ബന്ധം ഇല്ലാതാകും. അപ്പോൾ ക്രിസ്തു ചിന്തിയ രക്തത്തിനു എന്താണു വില?

അന്നു പക്ഷക്കാരെ കുററപ്പെടുത്തിയ ശിഷ്യൻമാർ ഇന്നു ലോകത്തിൽ വന്നാൽ മാർത്തോമ, കത്തോലിക്ക, സുറിയാനി, യാക്കോബ് തുടങ്ങിയ പക്ഷക്കാരെ പ്രോത്സാഹിപ്പിക്കുമോ? അതോ അവരെ ക്രിസ്തുവിൻെറ പക്ഷക്കാരായി മാററുമോ?

ഇന്നു ക്രിസ്ത്യാനികൾ ചെയ്യുന്നതു എന്താണ് ? പക്ഷം പിടിച്ചു ആത്മീക ഉണർവ്വില്ലാത്തവരെ സഭാനേതാക്കളായി നിലനിർത്തുന്നു. ക്രിസ്തുവിൽ നിന്നും അവർ അകലുന്നു. ഭരണാധികാരികളെ അവർ ചൊൽപ്പടിക്കു നിർത്തുന്നു. അതുമൂലം നേതാവിൻെറയും ശിങ്കിടികളുടെയും സ്വാർത്ഥ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്നു. ഉയർന്ന ഉദ്യോഗങ്ങൾ കുഞ്ഞാടുകളുടെ എണ്ണം കാണിച്ചു ശിങ്കിടികൾ തട്ടിയെടുക്കുന്നു. ഇതാണോ ക്രിസ്തു സ്ഥാപിച്ച സഭ ? ക്രിസ്തുവിൻെറ വചനങ്ങൾ വള്ളി പുള്ളി വ്യത്യാസമില്ലാതെ ഓരോ മനുഷ്യരേയും പഠിപ്പിക്കുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്യേണ്ടവരാണു ക്രിസ്ത്യാനികൾ. ക്രിസ്തുവിനെ കുറിച്ചു ഉപദേശിക്കുകമാത്രമല്ല അവനെ ജീവിതത്തിലൂടെ ലോകത്തിനു കാണിച്ചുകൊടുക്കേണ്ടവരാണ് അവർ. കാരണം, ക്രിസ്തു ദൈവത്തെ കുറിച്ചു ഉപദേശിച്ചു. ആ ഉപദേശം ജീവിതത്തിലൂടെ ലോകത്തിനു കാണിച്ചുകൊടുത്തു. ക്രിസ്തുവിൻെറ ശിഷ്യന്മാരും ആദിമക്രിസ്ത്യാനികളും അപ്രകാരം ചെയ്തു. ഇന്നത്തെ ക്രിസ്ത്യാനികൾ എങ്ങനെ യാണെന്നു നിങ്ങൾ തന്നെ സ്വയം തീരുമാനിക്കുക.

പ്രവർത്തിക്കാതെ ഒരു മനുഷ്യനും ഈ ലോകത്തിൽ ജീവിക്കുവാൻ സാധിക്കുകയില്ല. ഒരു ക്രിസ്ത്യാനിക്കു ക്രിസ്തുവിൻെറ ഉപദേശപ്രകാരമല്ലാതെ ജീവിക്കുവാൻ കഴിയുകയില്ല. അപ്രകാരം ജീവിക്കാത്തവൻ ക്രിസ്ത്യാനിയല്ല. അവൻ കള്ളനാകുന്നു. എതിർക്രിസ്തുവിൻെറ സന്തതി. തുറന്നു പറഞ്ഞാൽ പിശാചിൻെറ സന്തതി. അതിനാൽ ക്രിസ്ത്യാനികളായ നാം നമ്മുടെ പ്രവർത്തികളെ കുറിച്ചു നിത്യവും ആത്മശോധന ചെയ്താൽ കൊള്ളാം. അതു ക്രിസ്തുവിൻെറ ഉപദേശപ്രകാരം ഉള്ളതാണോ അല്ലയോ എന്ന്. ഇല്ലെങ്കിൽ അതു തിരുത്തുവാൻ ശ്രമിക്കുന്നതു നല്ലതായിരിക്കും. അതിനു വേണ്ടുന്ന അനുഗ്രഹങ്ങൾ നമുക്കു എല്ലാവർക്കും ദൈവം ചൊരിയട്ടെ.

★

(ശേഷം അടുത്ത ലക്കത്തിൽ)

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ. ഇരിട്ടി

## 7. ലവൊദിക്യ സഭ (വെളി. 3:14-22)

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

പൊന്നിനും വെള്ളിക്കും ശുദ്ധീകരിക്കുമ്പോൾ ഉണ്ടാകുന്ന മാററ് അഥവാ ശോഭ പോലെ ഓരോ ദിവസവും നമ്മുടെ ക്രിസ്തുവിലുള്ള വിശ്വാസവും, ജീവിതവും നിർമ്മലീകരിക്കപ്പെട്ട് തികവുള്ളതായി വളർന്നുകൊണ്ടിരിക്കണം. നിർമ്മലവും പരിശുദ്ധവുമായ വിശ്വാസ ജീവിതത്തിൽ വളർന്നുകൊണ്ടിരിക്കുന്നതിന് നാം കൊടുക്കേണ്ടുന്ന വില ലോകാനുരൂപങ്ങളായ ജഡികസ്വഭാവങ്ങൾ ആണ്. ലോകാനുരൂപമായ അനേകം സമുദായങ്ങളും, ക്രിസ്തുവിന്റെ സഭകളും ഇന്ന് എവിടെയും കാണാം. തീയാലുള്ള ശോധനയിൽ അവയെല്ലാം വെന്തുചാമ്പലാകും. വ്യാജഡോക്ടർമാരെപ്പോലെ അവരെല്ലാം ജനങ്ങളെ സേവിക്കുന്നവരാണ്. എന്നാൽ അവരെല്ലാം അവരവർക്കു തന്നെ നാശം ചരതിച്ചുവെക്കുന്നു. "ഇതാ അവൻ വരുന്നു എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. എന്നാൽ അവൻ വരുന്ന ദിവസത്തെ ആർക്ക് സഹിക്കാം. അവൻ പ്രത്യക്ഷനാകുമ്പോൾ ആർ നിലനില്ക്കും ? അവൻ ഊതിക്കഴിക്കുന്നവന്റെ തീപോലെയും അലക്കുന്നവരുടെ ചാരവെള്ളം പോലെയും ആയിരിക്കും."

(മലാഖി 3:2).

"നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിന്നു വെള്ളയുടുപ്പ്" സഭകളുടെ അഥവാ

ദൈവജനത്തിന്റെ ദൈവീക വിശുദ്ധിയെ ആണ് വെളിപ്പെടുത്തിയിരിക്കുന്നത്. "ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ'' (1 പത്രൊസ് 1:16). നിങ്ങളെ വിളിച്ച വിശുദ്ധന്ന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ'' (1 പത്രൊസ് 1:15). ''ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു. ഞാൻ വിശുദ്ധനാകയാൽ നിങ്ങൾ, നിങ്ങളെ തന്നേ വിശുദ്ധീകരിച്ചു വിശുദ്ധൻമാരായിരിക്കേണം'' (ലേവ്യ. 11:44). നീ യിസ്രായേൽ മക്കളുടെ സർവ്വസഭയോടും പറയേണ്ടത് എന്തെന്നാൽ: നിങ്ങളുടെ ദൈവമായ യഹോവ എന്ന ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ'' (ലേവ്യ. 19:2). ''ആകയാൽ നിങ്ങൾ നിങ്ങളെത്തന്നേ ശുദ്ധീകരിച്ചു വിശുദ്ധൻമാരായിരിപ്പിൻ'' (ലേവ്യ. 20:7).

ക്രിസ്തുവിന്റെ സഭയായി അഥവാ ദൈവരാജ്യമായി വിളിച്ചു വേർതിരിക്കപ്പെട്ട ദൈവജനം എല്ലാവരും വിശുദ്ധൻമാരാണ്. അവൻ നമ്മെ വിശുദ്ധവംശമാക്കി തീർത്തിരിക്കുകയാണ്. ദൈവവചനപ്രകാരം രക്ഷിക്കപ്പെട്ടവരാണ് വിശുദ്ധൻമാരുടെ പട്ടികയിൽ എണ്ണപ്പെടുന്നത്. അവർ എല്ലായ്പ്പോഴും ഈ ലോകജീവിതത്തിൽ നിർമ്മലതയും വെടിപ്പും ഉള്ളവരായി അവരെ തന്നെ കാത്തുസൂക്ഷിക്കും. അവൻ അവളെ വചനത്തോടു കൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന്നും കറ ചുളുക്കം മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കുതന്നേ തേജസ്സോടെ മുന്നിറുത്തേണ്ടതിന്നും തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചു കൊടുത്തു'' (എഫെ. 5:26, 27). ക്രിസ്തുവിന്റെ മണവാട്ടിപദവി അലങ്കരിക്കാൻ ആകാംക്ഷയോടു കാത്തിരിക്കുന്നവർ മണവാളനുവേണ്ടി നിർമ്മല കന്യകമാരായി തന്നെ ഒരുങ്ങിയിരിക്കണം. ക്രിസ്തുവിനെ അനുഗമിക്കുന്ന ഇന്നത്തെ ഭൂരിഭാഗം ക്രിസ്ത്യാനികളും വെടിപ്പും വിശു

ദ്ധിയും നിഷ്കളങ്കതയും നഷ്ടപ്പെട്ടവരും പാപത്തിന്റെ രക്തക്കറകളാൽ മലിനമാക്കപ്പെട്ട മൂടുപടം അണിഞ്ഞവരുമാണ്. എവിടേയും അനീതിയുടേയും അധർമ്മങ്ങളുടേയും ഇളകിമറിയുന്ന പൊടിപടലങ്ങളാൽ ക്രിസ്തീയാന്തരീക്ഷം ആകെ മൂടപ്പെട്ടിരിക്കുകയാണ്. ക്രിസ്തീയ അന്തരീക്ഷത്തെ മലിനസമമാക്കപ്പെട്ടിരിക്കുന്ന പാപക്കറകളെയും; അധർമ്മത്തെയും അനീതിയേയും നിശേഷം വിട്ടുമാറി; വിശുദ്ധിയാകുന്ന പരിമള തൈലത്തിൽ നിന്നും വീശി അടിക്കുന്ന നറുമണം പോലെ ദൈവജനം പരിലസിക്കണം. ''അന്തഃപുരത്തിലെ രാജകുമാരി ശോഭാപരിപൂർണ്ണയാകുന്നു. അവളുടെ വസ്ത്രം പൊൻകസവു കൊണ്ടുള്ളത്. അവളെ ചിത്രത്തയ്യലുള്ള വസ്ത്രം ധരിപ്പിച്ചു രാജസന്നിധിയിൽ കൊണ്ടുവരും'' (സങ്കീ. 45:13, 14). ''നിന്റെ വസ്ത്രമെല്ലാം മൂറും ചന്ദനവും ലവംഗവും കൊണ്ടു സുഗന്ധമായിരിക്കുന്നു'' (സങ്കീ. 45:8). അനീതിക്കും അധർമ്മത്തിനും എതിരായി നമ്മെ വിലയായി കൊടുക്കുക. ക്രിസ്ത്യാനികളുടേയും സമുദായസമൂഹങ്ങളുടേയും, സഭകളുടേയും നാണംകെട്ട നഗ്നതകളെ കണ്ടു മനസ്സിലാക്കാൻ അവരുടെ ഹൃദയകണ്ണുകളെ തുറക്കുമോ ?

''നിനക്കു കാഴ്ച ലഭിക്കേണ്ടതിന്നു കണ്ണിൽ എഴുതുവാൻ ലേപം''—ക്രിസ്തുവിനെ പരിജ്ഞാനത്തിലൂടെ അറിയേണ്ടതുപോലെ അറിയുന്നതിനുള്ള ഹൃദയദൃഷ്ടിയെ പ്രകാശിപ്പിക്കുന്ന പരിശുദ്ധാത്മാവാണ്—കണ്ണിൽ എഴുതുവാനുള്ള ലേപം. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വമുള്ള പിതാവുമായവൻ നിങ്ങൾക്കു തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ, ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവിനെ തരേണ്ടതിന്നും, നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പി

ച്ചിട്ടു അവൻെറ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധൻമാരിൽ അവൻെറ അവകാശത്തിൻെറ മഹിമാധനം ഇന്നതെന്നും അവൻെറ ബലത്തിൽ വല്ലഭത്വത്തിൻെറ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവൻെറ ശക്തിയുടെ അളവററ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിന്നു'' (എഫെ. 1:17-19). ''നിൻെറ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന്ന് എൻെറ കണ്ണുകളെ തുറക്കേണമേ'' (സങ്കീ. 119:18).

ഇന്നത്തെ ക്രിസ്തീയ സമൂഹങ്ങളും ജനങ്ങളും ക്രിസ്തുവിനേയോ, അവൻെറ വചനത്തെയോ ദൈവീക പരിജ്ഞാനത്തിലൂടെ അനുഭവിച്ചറിയുന്നില്ല. ഭൗതിക പരിജ്ഞാനത്തിൻെറ കാഴ്ചപ്പാടിലൂടെ ഓരോരുത്തരുടേയും ഇഷ്ടാനുസരണം നോക്കി കാണുകയാണ്. ''യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ'' ക്രിസ്തുവിനേയും അവൻെറ വചനത്തെയും രുചിച്ചറിയുന്നവർ ഇക്കാലത്തു ചുരുക്കമേയുള്ളു ക്രിസ്തുവിനേയും അവൻെറ വചനത്തെയും ആദായമാർഗ്ഗങ്ങളായും കച്ചവടചരക്കുകളായും മാററപ്പെട്ടിരിക്കുന്നു. ആത്മിയ കാഴ്ച നഷ്ടപ്പെട്ട കുരുടരായ സമൂഹങ്ങളെ ! നിങ്ങൾക്ക് ഹാ കഷ്ടം ! ''ഞാൻ നിന്നെ ഉപദേശിച്ചു നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചു തരും. ഞാൻ നിൻെറ മേൽ ദൃഷ്ടി വെച്ചു നിനക്കു ആലോചന പറഞ്ഞുതരും. നിങ്ങൾ ബുദ്ധിയില്ലാത്ത കുതിരയെയും കോവർ കഴുതയെയും പോലെ ആകരുത്'' (സങ്കീ. 32:8, 9).

ദൈവവചനത്തെ വിവേചിച്ച് അറിയ്യാനുള്ള കാഴ്ച ശക്തിയും, ജ്ഞാനശക്തിയും അനേകരിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. കണ്ണു പൊട്ടൻമാർ ആനയെപ്പററി വിവരിക്കുന്നതുപോലെ.

★

(ശേഷം അടുത്ത ലക്കത്തിൽ)

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** —The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8 00 P.M.

**HINDI** —Satya Susamachar—Speaker. Sunny David.
All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12 45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU** —The Voice of Truth—Speaker : Joshua Gootam
All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL** —"The Way of Truth"—Speaker: P. R. Swamy.
All correspondence should be sent to The Way of Truth.
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P M.
Thursdays — 6 45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM** —The Voice of Truth—Speaker : P. K. Varghese
All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA** —The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis. 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To